"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീമതി. ലക്ഷ്മി തമ്പാൻ, എൽ ഡി ക്ലർക്കിന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.383/2024/WCDD തീയതി,തിരുവനന്തപുരം, 01-10-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം. 14/2021/വശിവിവ, തീയതി. 03/09/2021
2. സ.ഉ(സാധാ)നം. 452/2022/വശിവിവ, തീയതി. 25/10/2022
3. സ.ഉ(സാധാ)നം. 497/2023/വശിവിവ, തീയതി. 12/09/2023
4. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 02/08/2024-ലെ എ3/1483/2021/കേവക നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ആലക്കോട്, തേർത്തല്ലി കുടുംബാരോഗ്യ കേന്ദ്രത്തിൽ എൽ ഡി ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തുവരവെ പരാമർശം (1) പ്രകാരം ശ്രീമതി. ലക്ഷ്മി തമ്പാനെ കേരള വനിതാ കമ്മീഷനിൽ എൽ. ഡി ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത അന്യത്രസേവനകാലാവധി പരാമർശം (2) ഉം പരാമർശം (3) ഉം പ്രകാരം ഓരോ വർഷത്തേക്കു വീതം ദീർഘിപ്പിച്ചു നൽകിയിരുന്നു. തന്റെ അന്യത്രസേവന കാലാവധി 06/09/2024-ന് അവസാനിക്കുന്നതിനാൽ ആയത് 07/09/2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. ലക്ഷ്മി തമ്പാൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്തുകൊണ്ട് പ്രസ്തുത ഉദ്യോഗസ്ഥയുടെ മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം സഹിതം സർക്കാർ അനുമതിയ്ക്കായി കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത സാഹചര്യത്തിൽ, കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച് അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി ശ്രീമതി. ലക്ഷ്മി തമ്പാന്റെ അന്യത്രസേവന കാലാവധി 07/09/2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട്

ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യവകുപ്പ്, തിരുവനന്തപുരം (20/07/2024-ലെ നിരാക്ഷേപ സാക്ഷ്യപത്രം നം. ആ.വ.ഡ/16083/2024-ED1 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. ലക്ഷ്മി തമ്പാൻ, എൽ ഡി ക്ലർക്ക് (on deputation), കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖേന)
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 03-10-2024 12:36:03